# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുമരാമത്ത് പ്രവൃത്തികൾ - ഗുണഭോക്തൃ സമിതികൾ മുഖേന നിർവഹണം നടത്താവുന്ന പ്രവൃത്തികളുടെ അടങ്കൽ തുക - പരിധി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(എം.എസ്)178/12 / തസ്വഭവ തിരുവനന്തപുരം , തീയതി , 27.06.2012

---

പരാമർശം :- 1. 16 / 01 / 08 - ലെ സ.ഉ.(എം.എസ്) 17/ 08 /തസ്വഭവ നമ്പർ ഉത്തരവ്.
2. 20.07.2010-ലെ 46662/ഡിഎ1/2010/ തസ്വഭവ നമ്പർ സർക്കുലർ
3. 23.05.2012-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.51 നമ്പർ തീരുമാനം.

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങൾ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന മരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുക 50,000/- രൂപയിൽ നിന്നും 5 ലക്ഷം (അഞ്ച് ലക്ഷം) രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിർമ്മാണ സാമഗ്രികൾക്ക് വില കുത്തനേ ഉയരുകയും, എസ്റ്റിമേറ്റ് റേറ്റ് പല തവണ റിവൈസ് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുക വർദ്ധിപ്പിക്കണമെന്ന് ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (3)ലെ വികേന്ദ്രീകൃതാസൂതണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ അടങ്കൽ തുക നിലവിലുള്ള 5,00,000/- (അഞ്ച് ലക്ഷം) രൂപയിൽ നിന്നും 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയായി വർദ്ധിപ്പിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ജെയിംസ് വർഗ്ഗീസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

contd......2

| | | |
|---|---|---|
| പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.<br>നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.<br>ഗ്രാമവികസനകമ്മിഷണർ, തിരുവനന്തപുരം | } | ബന്ധപ്പെട്ട എ ല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ് |

അക്കൗണ്ടന്റ് ജനറൽ (എ & ഇ /(ആഡിറ്റ്), കേരള, തിരുവനന്തപുരം.
സംസ്ഥാന പെർഫോമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും നഗരസഭാ അദ്ധ്യക്ഷൻമാർക്കും.
ചീഫ് എഞ്ചിനീയർ , തദ്ദേശസ്വയം ഭരണ വകുപ്പ്.
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
സെക്രട്ടറി, ആസൂത്രണസാമ്പത്തിക കാര്യ വകുപ്പ്.
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം.
ഡയറക്ടർ ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ , സി.ഡിറ്റ് , തിരുവനന്തപുരം.
ഡയറക്ടർ , കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, തൃശൂർ.
പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഐ.കെ.എം.(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റ് [illegible]ാടിയന്തിരമായി പ്രസിദ്ധപ്പെടുത്തുന്നതിന്.)
അഡീഷണൽ ചീഫ് സെക്രട്ടറി , ധനകാര്യ വ
സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ.

പകർപ്പ്:-

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസിന്
നഗരകാര്യവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്.
തദ്ദേശസ്വയംഭരണ (ഡി.ബി)( ഡി.സി.)( ഡി.ഡി.) (എഫ്.എം.) വകുപ്പുകൾക്ക്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ